**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 318** **12-10-2026-ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളുടെ ആക്രമണം തടയുന്നതിന് നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തെരുവുനായ്ക്കളുടെ ആക്രമണങ്ങളും പ്രത്യേകിച്ച് വിദ്യാർത്ഥികളെ ആക്രമിക്കുന്നതും തെരുവുനായകൾ റോഡിലൂടെ അലക്ഷ്യമായി സഞ്ചരിക്കുന്നതുമൂലം വാഹന അപകടങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ ഇവയെ നിയന്ത്രിക്കാനും പുനരധിവസിപ്പിക്കുന്നതിനും അക്രമകാരികളായ നായകളെ ഇല്ലായ്മ ചെയ്യുന്നതിനും ആവശ്യമായ കരുതൽ നടപടികൾ എടുക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട പ്രഥമ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി.

**(ബി)** പ്രസ്തുത ഉത്തരവാദിത്തങ്ങൾ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥൻ നിർവഹിച്ചില്ലെങ്കിൽ നടപടിയെടുക്കേണ്ടതും പൊതുജനങ്ങൾ പരാതി പറയേണ്ടതും ആരോടാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** എല്ലാ ജില്ലകളിലെയും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ.

**(സി)** മേൽപ്പറഞ്ഞ ഉത്തരവാദിത്തങ്ങൾ നടപ്പിലാക്കാൻ വകുപ്പ് എന്തെല്ലാം സഹായങ്ങളും നടപടികളുമാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്തെ തെരുവുനായ്ക്കളുടെ വർദ്ധനവും പേവിഷബാധ ഭീഷണിയും പൂർണ്ണമായും പരിഹരിക്കുന്നതിനും ബഹു. സുപ്രീം കോടതി ഉത്തരവുകൾ കൃത്യമായി നടപ്പിലാക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വിവിധ നടപടികൾ സ്വീകരിച്ച് വരുന്നു.

1. **ഉന്നതതല മേൽനോട്ട സമിതി രൂപീകരണം (High-Level Monitoring Committee):** തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & എൻവയോൺമെന്റ് മാനേജ്മെന്റ് ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ലോ ഓഫീസർ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, അനിമൽ വെൽഫെയർ ബോർഡ് പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഉന്നതതല മേൽനോട്ട സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സമിതി ഷെൽട്ടറുകളുടെ നിർമ്മാണം, നോഡൽ ഓഫീസർമാരുടെ നിയമനം, ഹെൽപ്പ്ലൈൻ, ഫീഡിംഗ് പോയിന്റുകൾ, സ്ക്വാഡുകളുടെ ഏകോപനം എന്നിവ കൃത്യമായി നിരീക്ഷിച്ചുവരുന്നു.

**2. ദയാവധത്തിനുള്ള ഏകീകൃത മാനദണ്ഡം (SOP for Euthanasia):** ബഹു. സുപ്രീം കോടതിയുടെ 19/05/2026-ലെ വിധിന്യായത്തിലെ ഖണ്ഡിക 108(H) നിർദ്ദേശപ്രകാരം, മാറ്റാനാകാത്ത രോഗബാധയുള്ളവ (Incurably ill), മാരകമായി പരിക്കേറ്റവ, പേവിഷബാധ സ്ഥിരീകരിച്ചവ/ ലക്ഷണങ്ങളുള്ളവ, പ്രകോപനമില്ലാതെ ആക്രമിക്കുന്നവരായ തെരുവുനായ്ക്കളുടെ ദയാവധത്തിനായി ഏകീകൃത മാനദണ്ഡങ്ങൾക്ക് (SOP) സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻ ചെയർപേഴ്സണായും സെക്രട്ടറി കൺവീനറായും വെറ്ററിനറി ഓഫീസർ ഉൾപ്പെടെയുള്ളവർ അംഗങ്ങളുമായ സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റി (SDMC) വഴിയാണ് ദയാവധ നടപടികൾ സുതാര്യമായി നടപ്പിലാക്കുന്നത്.

**3. ABC കേന്ദ്രങ്ങൾ, പോർട്ടബിൾ യൂണിറ്റുകൾ, ഷെൽട്ടറുകൾ (Stray Dog Shelters):**

- **എബിസി സെന്ററുകൾ:** നിലവിൽ 21 സ്ഥിരമായ എബിസി സെന്ററുകളും 1 പോർട്ടബിൾ എബിസി സെന്ററും പ്രവർത്തനക്ഷമമാണ്. 9 പുതിയ എബിസി സെന്ററുകളുടെ പണി പൂർത്തിയായിട്ടുണ്ട്, കൂടാതെ 9 പുതിയ എബിസി സെന്ററുകളുടെ നിർമ്മാണം അതിവേഗത്തിൽ പുരോഗമിച്ചുവരുന്നു.
- **പോർട്ടബിൾ എബിസി യൂണിറ്റുകൾ:** മൃഗസംരക്ഷണ വകുപ്പ് വഴി 7 പോർട്ടബിൾ എബിസി (ABC) സെന്ററുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- **അഭയകേന്ദ്രങ്ങൾ (Shelters):** സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപന തലത്തിൽ ഷെൽട്ടറുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**4.വളർത്തുമൃഗങ്ങളുടെ ലൈസൻസ്, ബ്രീഡിംഗ് ചട്ടങ്ങളും ഹാൻഡ് ബുക്കും:**

- **ലൈസൻസിംഗ് & ബ്രീഡിംഗ് റൂളുകൾ:** തെരുവുനായ നിയന്ത്രണത്തിന്റെ ഭാഗമായി 'Pet Dogs License Rules', 'Breeding Rules' എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- **ഹാൻഡ് ബുക്ക് & ശിൽപശാല:** തെരുവുനായ നിയന്ത്രണവും പരിപാലനവും (Stray Dog Management) സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മാർഗനിർദേശങ്ങളും നടപടിക്രമങ്ങളും ഉൾപ്പെടുത്തി ഒരു ഹാൻഡ്ബുക്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹാൻഡ്ബുക്ക് തയ്യാറാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ച് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) മുഖേന ഒരു ശിൽപശാല സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**5.സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റി:** എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റി രൂപീകൃതമായിട്ടുണ്ട്.

**(ഡി)** തെരുവുനായ ആക്രമണങ്ങൾ മൂലം പരിക്കേറ്റവർക്കും മരണപ്പെട്ടവർക്കും എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നത്; അതിനാവശ്യമായ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ സ്ട്രേ ഡോഗ് വിക്ടിം കോമ്പൻസേഷൻ റെക്കമെന്റേഷൻ കമ്മിറ്റി മുഖേന തെരുവുനായ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തെരുവുനായ ആക്രമണത്തിന് ഇരയായവർക്ക് ചികിത്സാ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്ത നിവേദനം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി (DLSA) മുൻപാകെ നേരിട്ട് നൽകാവുന്നതാണ്.

**(ഇ)** കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിൽ തെരുവുനായ്ക്കളെ വന്ധീകരിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും അക്രമകാരികളായവയെ ഇല്ലായ്മ ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തെരുവുനായ്ക്കളെ വന്ധീകരിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും അക്രമകാരികളായവയെ ഇല്ലായ്മ ചെയ്യുന്നതിനും കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം, കൈപ്പമംഗലം, എടത്തിരുത്തി എന്നീ 7 ഗ്രാമപഞ്ചായത്തുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

- **എ.ബി.സി (ABC) പദ്ധതിയും ഷെൽട്ടർ സൗകര്യവും:** മതിലകം ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളുമായി (എടത്തിരുത്തി, മതിലകം, കൈപ്പമംഗലം ഉൾപ്പെടെ) സഹകരിച്ച് ഒരു പോർട്ടബിൾ/മൊബൈൽ ABC യൂണിറ്റ് വഴി വന്ധീകരണം നടത്തുന്നതിനും, പോസ്റ്റ് ഓപ്പറേറ്റീവ് കെയറിനായി (Post Operative Care) കൂടുകൾ ലഭ്യമാക്കുന്നതിനുമുള്ള നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.
- **പദ്ധതി വിഹിതം:**

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്: ഡോഗ് ഷെൽട്ടറിനായി അഞ്ച് ലക്ഷം രൂപയും (Own Fund), ബ്ലോക്ക് വിഹിതമായി അഞ്ച് ലക്ഷം രൂപയും, വാക്സിനേഷനായി എൺപത്തിഅയ്യായിരം രൂപയും വകയിരുത്തി.

മതിലകം ഗ്രാമപഞ്ചായത്ത്: ബ്ലോക്ക് പദ്ധതി വിഹിതമായി 5 ലക്ഷം രൂപ വകയിരുത്തി.

പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്: ഷെൽട്ടറിനായി 10 ലക്ഷം രൂപ, ABC പ്രോഗ്രാമിന് ഏഴ് ലക്ഷം രൂപ, ആംബുലൻസിന് അൻപതിനായിരം രൂപ, വാക്സിനേഷന് അൻപതിനായിരം രൂപ എന്നിങ്ങനെ വകയിരുത്തി.

എടവിലങ്ങ് ഗ്രാമപഞ്ചായത്ത്: ABC പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ വകയിരുത്തി.

- **ഷെൽട്ടറുകളും കൂടുകളും:**

എറിയാട് ഗ്രാമപഞ്ചായത്ത്: 24 വാർഡുകളിലും ഷെൽട്ടർ സ്ഥാപിക്കുന്നതിനായി ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്: മിനി MCF-ൽ ആക്രമണകാരികളായ നായ്ക്കളെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക കൂട് സജ്ജീകരിച്ചിട്ടുണ്ട്.

എടത്തിരുത്തി, ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം പഞ്ചായത്തുകൾ ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്ന പ്രക്രിയയിലാണ്.

- **സമിതികളുടെ രൂപീകരണവും മീറ്റിംഗുകളും:** എല്ലാ പഞ്ചായത്തുകളിലും (എടവിലങ്ങ്, പെരിഞ്ഞനം, എടത്തിരുത്തി, എറിയാട്, മതിലകം) ലോക്കൽ എ.ബി.സി മോണിറ്ററിംഗ് കമ്മിറ്റി, ജനകീയ സന്നദ്ധ സമിതി, ദയാവധ സമിതി (Stray Dog Management Committee for Euthanasia) എന്നിവ രൂപീകരിക്കുകയും യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- **വാക്സിനേഷൻ ഡ്രൈവ് & ഫീഡിങ് സ്പോട്ടുകൾ:** എല്ലാ ഗ്രാമപഞ്ചായത്തുകളിലും തെരുവുനായ്ക്കൾക്കും വളർത്തുമൃഗങ്ങൾക്കുമായി വാക്സിനേഷൻ ഡ്രൈവുകൾ സംഘടിപ്പിച്ചു വരുന്നു. പൊതുജന സുരക്ഷ ഉറപ്പാക്കുന്നതിനായി ഫീഡിങ് സ്പോട്ടുകൾ (Designated Feeding Spots) കണ്ടെത്തുന്നതിനും

പൊതുസ്ഥലങ്ങളിൽ ഭക്ഷണവും മാലിന്യവും നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- **മറ്റ് സുരക്ഷാ നടപടികൾ:** സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയമിക്കുകയും ഹെൽപ്പ് ലൈനുകളും ഹെൽത്ത് സ്ക്വാഡ് പരിശോധനകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**